(സി) ഒപ്പുവച്ച പൊതുവായ ധാരണാപത്രം പ്രകാരം വിശദമായ സാദ്ധ്യതാ പഠനത്തിന് ശേഷം മാത്രമേ ഐ. ടി. സോൺ വികസിപ്പിക്കുന്നതിനെ പറ്റിയുള്ള അന്തിമ തീരുമാനമെടുക്കുകയുള്ളൂ. പ്രസ്തുത ധാരണാപത്രത്തിന്റെ കാലാവധി 90 ദിവസമായതിനാൽ അതിന്റെ കാലാവധി കഴിഞ്ഞു. ടി പദ്ധതിയുമായി മുന്നോട്ടു പോകുവാനായി ക്രിയേറ്റീവ് ഇൻഫോസിറ്റി ഇന്റർനാഷണൽ പിന്നീട് കിൻഫ്രയെ സമീപിച്ചിട്ടില്ല.

കിൻഫ്രയുടെ വ്യവസായ പാർക്കുകളുടെ കപ്പാസിറ്റി

4 [4856] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, അടൂർ പ്രകാശ്:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ വ്യവസായ പാർക്കുകളുടെ മുഴുവൻ കപ്പാസിറ്റിയും വ്യവസായികൾ ഉപയോഗിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) ഈ വ്യവസായ പാർക്കുകളിൽ ഉപയോഗയോഗ്യമാക്കാവുന്ന എത്ര സ്ഥലം ഒഴിഞ്ഞു കിടപ്പുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) കിൻഫ്രയുടെ പൂർണ്ണ ഉടമസ്ഥതയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയായ പാർക്കുകളിൽ ചുരുക്കം ചിലതിൽ സംസ്ഥാന വൈദ്യുതി ബോർഡ് വൈദ്യുതി നൽകുന്നതിനുള്ള കാലതാമസം കാരണം സ്ഥലം ഏറ്റെടുക്കാൻ രജിസ്റ്റർ ചെയ്ത സംരംഭകർക്ക് യഥാസമയം വ്യവസായങ്ങൾ തുടങ്ങാൻ സാധിച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ കിൻഫ്രയുടെ ചില പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ ഭൂമി അലോട്ട് ചെയ്യുവാൻ ബാക്കിയുണ്ട്. എന്നാൽ അടുത്ത കാലത്ത് പ്രസ്തുത പാർക്കുകളിൽ വൈദ്യുതി ലഭ്യമായിട്ടുണ്ട്. ഇതേ തുടർന്ന് കൂടുതൽ സംരംഭകർ സ്ഥലം ഏറ്റെടുക്കാൻ രജിസ്റ്റർ ചെയ്തുവരുന്നു.

(സി) കിൻഫ്രയുടെ കൈവശമുള്ളതും പൂർണ്ണ ഉടമസ്ഥതയിലുള്ളതുമായ വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ ഏകദേശം 286.95 ഏക്കർ ഭൂമി അലോട്ട് ചെയ്യുവാൻ ബാക്കിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly